"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ രണ്ടാംഘട്ടം-സാമ്പത്തിക വിശകലനം - തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ആഡിറ്റ് ടീമിനെ ചുമതലപ്പെടുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(കൈ) നം.79/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/05/2020

---

പരാമർശം:- 1 20.3.2020- ലെ 12 -ാമത് ലൈഫ് മിഷൻ എസ് എൽ ഇ സി യിലെ തീരുമാനം.

2 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷന്റെ 20.4.2020- ലെ 367/2017/LIFE നം കറിപ്പ്.

ഉത്തരവ്

ലൈഫ് മിഷൻ രണ്ടാംഘട്ട സോഫ്റ്റ് വെയറിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണത്തിനായി വിനിയോഗിച്ച തുക , ഹഡ്കോ വായ്പായിനത്തിൽ നൽകിയ തുക, സംസ്ഥാന വിഹിതമായി നൽകിയ തുക എന്നിവ സംബന്ധിച്ച വിവരവും , ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ സംബന്ധിച്ച വിവരവും അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി ലൈഫ് മിഷൻ സ്വീകരിച്ച വരുന്നു . ധനവിനിയോഗവുമായി ബന്ധപ്പെട്ട ടി വിവരങ്ങൾ അധികൃതമാക്കുന്നതിനുവേണ്ടി ( തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം / ഹഡ്കോ വായ്പ / സംസ്ഥാന വിഹിതത്തിന്റെ വിനിയോഗം , ഹഡ്കോ വായ്പാ തിരിച്ചടവ് എന്നിവ സംബന്ധിച്ച ) ലൈഫ് മിഷൻ ജില്ലാതല ടീം ( ജില്ലാ കോ - ഓർഡിനേറ്റർ + മൾട്ടി ടാസ്ക് പേഴ്സൺസ് ) അപര്യാപ്തമായതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ആഡിറ്റ് ടീമിനെ ഉപയോഗിച്ച് സാമ്പത്തിക വിശകലനം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന പെർഫോമൻസ് ആഡിറ്റ് ടീമിനെ ചുമതലപ്പെടുത്തി 20.03.2020 - ലെ 12-ാമത് ലൈഫ് മിഷൻ എസ് . എൽ . ഇ . സി പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നുവെന്നും ടി തീരുമാനത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) എസ് . എൽ . ഇ . സി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ രണ്ടാംഘട്ടം സാമ്പത്തിക വിശകലനം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന പെർഫോമൻസ് ആഡിറ്റ് ടീമിനെ ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും .
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Priya

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ) -യുടെ പി.എയ്ക്ക്.